# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 19<br>July 19 | 2019 |
|---|---|

*1193 കർക്കടകം 3 വെള്ളി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ബ്യൂറോ ചീഫുമാരുടെ ശ്രദ്ധയ്ക്ക്**

നവകേരള നിർമിതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ നടത്തിയ പ്രളയാനന്തര ദുരിതാശ്വാസ, പുനർനിർമാണ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായാണ് ജനകീയം ഈ അതിജീവനം പൊതുജനസംഗമം ഇന്ന് (20) രാവിലെ 10.30ന് തിരുവല്ല സെന്റ് ജോൺസ് മെട്രോപോളീറ്റൻ കത്തീഡ്രൽ ആഡിറ്റോറിയത്തിൽ വനംമന്ത്രി കെ. രാജു നിർവഹിക്കുകയാണ്. ഈ പരിപാടി കവർ ചെയ്യുന്നതിന് അങ്ങയുടെ സ്ഥാപനത്തിന്റെ പ്രതിനിധിയെ അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ജില്ലാ ഇൻഫർമേഷൻ ഓഫീസർ

## സദ്ഗമയ : ശില്പശാല നടത്തി

ഹോമിയോപ്പതി വകുപ്പ് കൗമാര ആരോഗ്യ സംരക്ഷണത്തിന് ആവിഷ്കരിച്ച സദ്ഗമയ പദ്ധതിയോടനുബന്ധിച്ച് തേക്കുതോട് ഗവൺമെന്റ് ഹൈസ്കൂളിൽ ബോധവത്ക്കരണ ശില്പശാല നടത്തി. ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്ഥിരംസമിതി അധ്യക്ഷ കെ. ജി അനിത ശില്പശാല ഉദ്ഘാടനം ചെയ്തു. തണ്ണിത്തോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. വി. അമ്പിളി അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) ഡോ. ഡി. ബിജുകുമാർ മുഖ്യപ്രഭാഷണം നടത്തി. കോന്നി ബ്ലോക്ക് പഞ്ചായത്തംഗം പി.ആർ.

രാമചന്ദ്രൻപിള്ള, മണ്ണീറ ഗവ: ഹോമിയോ ഡിസ്പെൻസറി മെഡിക്കൽ ഓഫീസർ ഡോ. പി.ലക്ഷ്മി, സീനിയർ സൂപ്രണ്ട് വി. നിസാർ, സ്കൂൾ പ്രിൻസിപ്പൽ ജിജി നിസ, ഹെഡ്മിസ്ട്രസ് ക്രിസ്റ്റീന, പിടിഎ പ്രസിഡണ്ട് റ്റി.പി.സുഭാഷ്, സീനിയർ അസിസ്റ്റന്റ് വി.ബിന്ദു, ഇ.ആർ.സജി, ബിജു തോമസ് എന്നിവർ സംസാരിച്ചു.

പഠന സ്വഭാവ വൈകല്യങ്ങളുടെ പരിഹാരം ഹോമിയോപ്പതിയിലൂടെ എന്ന വിഷയത്തിൽ സദ്ഗമയ പദ്ധതിയുടെ ജില്ലാ ചാർജ് മെഡിക്കൽ ഓഫീസർ ഡോ. ജി ഷീബയും പരീക്ഷ അഭിമുഖീകരിക്കേണ്ടത് എങ്ങനെ എന്ന വിഷയത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ബി. ബ്രിജുലയും ക്ലാസുകൾ നയിച്ചു.

സംസ്ഥാന സർക്കാർ ഹോമിയോപ്പതി വകുപ്പ് കൗമാര ആരോഗ്യ സംരക്ഷണത്തിന് ആവിഷ്കരിച്ച സദ്ഗമയ പദ്ധതിയുടെ ജില്ലാ കേന്ദ്രം പ്രവർത്തിക്കുന്നത് കൊടുമൺ ഗവ: ഹോമിയോ ഡിസ്പെൻസറിയിലാണ്. കൗമാരക്കാർക്ക് ഇവിടെ സ്പെഷ്യൽ ഒ.പിയിലൂടെ പഠനവൈകല്യ പരിഹാരം, മാനസിക പ്രശ്ന അവലോകനം, വിദഗ്ധ ഹോമിയോപ്പതി ചികിത്സ, കൗൺസിലിംഗ്, ബോധവൽക്കരണം എന്നിവ ലഭ്യമാണ്. വിദഗ്ധ ഹോമിയോപ്പതി ഡോക്ടറുടെ സേവനത്തോടൊപ്പം സ്പെഷ്യൽ എജ്യുക്കേഷൻ ടീച്ചർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനവും ഇവിടെ ലഭിക്കും. തിങ്കൾ മുതൽ ശനി വരെ രാവിലെ ഒമ്പത് മുതൽ ഉച്ചയ്ക്ക് രണ്ട് വരെ പദ്ധതിയുടെ സേവനം ലഭ്യമാണ്. ഫോൺ : 04734-287075. (പിഎൻപി 1813/19)

## ആരോഗ്യ ഇൻഷുറൻസ് കാർഡ് പുതുക്കൽ

റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിലെ ആരോഗ്യ ഇൻഷുറൻസ് കാർഡ് ഈ മാസം 22ന് തുടങ്ങും.

നെടുമൺ വാർഡിലേത് 22നും കണ്ണനുമൺ വാർഡിലേത് 23നും മഠത്തുംമൂഴി വാർഡിലേത് 24നും മണക്കയം വാർഡിലേത് 25നും കക്കാട് വാർഡിലേത് 26നും മാമ്പാറ വാർഡിലേത് 27നും ശബരിമല ഇടത്താവളത്തിൽ കാർഡ് പുതുക്കൽ നടക്കും. മുക്കം വാർഡിലേത് 28നും മാടമൺ വാർഡിലേത് 29നും കൈരളി ഗ്രന്ഥശാലയിലും പെരുനാട് വാർഡിലേത് 30ന് പെരുനാട് സാംസ്കാരിക നിലയത്തിലും പുതുക്കട വാർഡിലേത് ആഗസ്റ്റ് ഒന്നിനും ശബരിമല (ളാഹ ഭാഗം) വാർഡിലേത് ആഗസ്റ്റ് രണ്ടിനും ശബരിമല ഇടത്താവളത്തിൽ കാർഡ് പുതുക്കൽ നടക്കും.

റേഷൻ കാർഡ്, ആധാർ കാർഡ്, പഴയ ആരോഗ്യ ഇൻഷുറൻസ് കാർഡ്, 50 രൂപ എന്നിവ സഹിതം കുടുംബത്തിലെ ഒരംഗം കേന്ദ്രത്തിലെത്തി കാർഡ് പുതുക്കണം. രാവിലെ 10ന് കാർഡ് പുതുക്കൽ തുടങ്ങും. (പിഎൻപി 1814/19)

## സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾക്ക് 10 ലക്ഷം രൂപ അനുവദിച്ചു: ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്

സാക്ഷരതാ മിഷന്റെ പ്രവർത്തങ്ങൾ ശക്തിപെടുത്തുന്നതിന് ജില്ലാ പഞ്ചായത്ത് പ്ലാൻ ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ചെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണദേവി പറഞ്ഞു. സാക്ഷരതാ മിഷന്റെ തുല്യതാ പഠിതാക്കൾക്കുള്ള രചനാമത്സരത്തിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു പ്രസിഡന്റ്. സർഗാത്മകമായ കഴിവുകൾ പ്രകടിപ്പിക്കാൻ പ്രായം ഒരു ഘടകമല്ലെന്നും രചനയിലെ അഭിരുചി കണ്ടെത്താൻ പഠനത്തിലൂടെ സാധിക്കുമെന്നും പ്രസിഡന്റ് പറഞ്ഞു. പഠിതാക്കളുടെ കഴിവുകളെ പരിശോധിച്ച് മാറ്റുരയ്ക്കാനുള്ള വേദി ഒരുക്കുകയാണ് സാക്ഷരതാ മിഷൻ. സാഹചര്യങ്ങൾ കൊണ്ട്

പാതിവഴിയിൽ പഠനം ഉപേക്ഷിച്ചവർക്ക് തുല്യതാ പഠന ക്ലാസുകളിലൂടെ അവസരം നൽകുകയാണ് സാക്ഷരതാ മിഷൻ എന്നും പ്രസിഡന്റ് കൂട്ടിച്ചേർത്തു.

ട്രാൻസ്ജെൻഡർ പഠിതാക്കൾക്കായുള്ള സമന്വയ ലൈബ്രറിയിലേക്കുള്ള പുസ്തകശേഖരണം സെന്റർ കോ-ഓർഡിനേറ്റർമാരിൽ നിന്നും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഏറ്റുവാങ്ങി. സംസ്ഥാനത്ത് ആദ്യമായി പത്തനംതിട്ട ജില്ലയിലാണ് ട്രാൻസ്ജെൻഡർ ലൈബ്രറി ആരംഭിക്കുന്നത്. സാക്ഷരതാ മിഷൻ 2018- 19 വാർഷിക റിപ്പോർട്ട് പ്രകാശനവും 2019 - 20 പ്രവർത്തന കലണ്ടർ പ്രകാശനവും ചടങ്ങിൽ നടത്തി. 10/പ്ലസ്വൺ തുല്യതാ കോഴ്സുകളുടെ 2019 ബാച്ചിലേക്കുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. സാക്ഷരതാമിഷൻ സർട്ടിഫിക്കറ്റ് കോഴ്സ് ഒന്നാം ബാച്ച് വിജയികളുടെ സർട്ടിഫിക്കറ്റ് വിതരണവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് നിർവഹിച്ചു.

രചനാമത്സര വിജയികൾ സംസ്ഥാന തല സാഹിത്യ ക്യാമ്പിൽ പങ്കെടുക്കും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കോണ്ടൂർ ആധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്ത് വിദ്യാഭ്യാസ സ്ഥിരം സമിതി അധ്യക്ഷ കെ ജി അനിത, സാക്ഷരതാ മിഷൻ ജില്ലാ കോ ഓർഡിനേറ്റർ ഡോ. വി വി മാത്യു, അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ ഡോ.പി.മുരുകദാസ്, ജില്ലാ സാക്ഷരതാ സമിതി അംഗം കോന്നിയൂർ രാധാകൃഷ്ണൻ, ഹയർ സെക്കൻഡറി കോഴ്സ് കൺവീനർ അഫ്സൽ ആനപാറ, പത്താം തരം കോഴ്സ് കൺവീനർ രാജൻ പടിയറ, സാക്ഷരതാ മിഷൻ പ്രേരക്ക് ടി.വി വേണുഗോപാൽ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 1815/19)

## ഐടിഐ സീറ്റൊഴിവ്

മെഴുവേലി ഗവൺമെന്റ് വനിതാ ഐടിഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഫാഷൻ ഡിസൈൻ ടെക്നോളജി എന്നീ ട്രേഡുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ചവർ 22ന് രാവിലെ 10ന് രക്ഷാകർത്താവിനൊപ്പം എസ്എസ് എൽസി ബുക്ക്, ഫീസ്, ടി.സി, ജാതി സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, രണ്ട് ഫോട്ടോ എന്നിവ സഹിതം ഹാജരാകണം. ഫോൺ: 0468 2259952.

(പിഎൻപി 1816/19)

## ജനകീയം ഈ അതിജീവനം പൊതുജനസംഗമം ഇന്ന്(20)

ജില്ലാ ഭരണകൂടത്തിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന ജനകീയം ഈ അതിജീവനം പൊതുജനസംഗമം ഇന്ന് (19) രാവിലെ 10.30 ന് തിരുവല്ല സെന്റ് ജോൺസ് മെട്രോപൊളിറ്റൻ കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ വനം വകുപ്പ് മന്ത്രി കെ. രാജു ഉദ്ഘാടനം ചെയ്യും. നവകേരള നിർമിതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ നടത്തിയ പ്രളയാനന്തര ദുരിതാശ്വാസ, പുനർനിർമാണ പ്രവർത്തനങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന്റെ ഭാഗമായാണ് സംഗമം സംഘടിപ്പിക്കുന്നത്. വീട് നിർമിക്കുന്നതിന് ഭൂമി നൽകിയവരെയും ഭവനം സ്പോൺസർ ചെയ്തവരെയും മന്ത്രി കെ. രാജു ആദരിക്കും. നിർമാണം പൂർത്തിയാക്കിയ വീടുകളുടെ താക്കോൽ മന്ത്രി കൈമാറും.

അഡ്വ. മാത്യു ടി തോമസ് എംഎൽഎ അധ്യക്ഷത വഹിക്കും. പ്രളയ ദുരിതാശ്വാസ പുനർനിർമാണ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് ജില്ലാ കളക്ടർ പി.ബി. നൂഹ് അവതരിപ്പിക്കും. പോളിക്യാബ് ഇന്ത്യ ലിമിറ്റഡ് നൽകുന്ന ഇലക്ട്രിക് സാധനങ്ങളുടെ കിറ്റ് വിശിഷ്ടാതിഥി ആന്റോ ആന്റണി എംപി ഏറ്റുവാങ്ങും. എംഎൽഎമാരായ രാജു ഏബ്രഹാം, ചിറ്റയം ഗോപകുമാർ, വീണാ ജോർജ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി എന്നിവർ മുഖ്യപ്രഭാഷണം നടത്തുകയും പ്രളയത്തിൽ വീട് പൂർണമായും തകർന്നവർക്കുള്ള ഇലക്ട്രിക് സാധനങ്ങളുടെ വിതരണം നിർവഹിക്കുകയും ചെയ്യും.

തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറയ്ക്കൽ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊണ്ടൂർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരായ അഡ്വ. സതീഷ് ചാത്തങ്കേരി, എം.ബി. സത്യൻ, ഗിരിജ മധു, അഡ്വ.ആർ. കൃഷ്ണകുമാർ, മനുബായ് മോഹൻ, രേഖാ അനിൽ, ബീനാ പ്രഭ, കോന്നിയൂർ പി.കെ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് മോഹൻരാജ് ജേക്കബ്, തിരുവല്ല സബ് കളക്ടർ ഡോ. വിനയ് ഗോയൽ, അഡീഷണൽ ജില്ലാ മജിസ്ട്രേട്ട് അലക്സ് പി തോമസ് തുടങ്ങിയവർ പ്രസംഗിക്കും.
(പിഎൻപി 1817/19)

**പ്രത്യേക പത്രക്കുറിപ്പ്**

## പ്രതിസന്ധികളെ തോൽപ്പിച്ച് അനിൽകുമാറും കുടുംബവും പുതിയ വീട്ടിൽ

പ്രളയത്തോടെ എല്ലാ പ്രതീക്ഷകളും അസ്തമിച്ചിടത്തു നിന്നാണ് സർക്കാരിന്റെയും സുമനസുകളുടെയും കൈപിടിച്ച് കുറ്റൂർ സൂര്യ ഭവനിൽ അനിൽകുമാറിന്റെയും കുടുംബത്തിന്റെയും തിരിച്ചു വരവ്. തടിപ്പണിക്കാരനായിരുന്ന അനിൽകുമാർ മരം വെട്ടുന്നതിനിടയിൽ മരത്തിൽ നിന്ന് വീണ് പരിക്കേറ്റ് ജോലിക്ക് പോകാൻ പറ്റാത്ത സ്ഥിതിയായിട്ട് പന്ത്രണ്ടുവർഷം കഴിഞ്ഞു. ഭാര്യ സുജ തൊഴിലുറപ്പിനു പോയി കിട്ടുന്ന തുകയായിരുന്നു അനിലിന്റെ കുടുംബത്തിന്റെ ഏകവരുമാന മാർഗം. അനിലിന്റെ ജീവിത സാഹചര്യം കണ്ടറിഞ്ഞ സുമനസുകളും, അയൽക്കാരും ചേർന്നാണ് മാടക്കട തുടങ്ങാൻ സഹായിച്ചത്. ഇതിലൂടെ ജീവിതത്തിന് താളം കണ്ടെത്താൻ ശ്രമിക്കുമ്പോഴാണ് മഹാപ്രളയം അനിലിന്റെയും കുടുംബത്തിന്റെയും പ്രതീക്ഷകൾക്കു മേൽ വിലങ്ങുതടിയായി വന്നത്.

പ്രളയം കുറ്റൂർ പ്രദേശത്തെ ഒന്നാകെ ബാധിച്ചപ്പോൾ അനിലിന് ആകെ ഉണ്ടായിരുന്ന കിടപ്പാടം നഷ്ടമായി. വീടും സാധനങ്ങളും വസ്ത്രങ്ങളും കുട്ടികളുടെ പാഠപുസ്തങ്ങളുമെല്ലാം പ്രളയം കവർന്നു. ഭാര്യ സുജയ്ക്കും മക്കളായ അജിത്തിനും ദേവുവിനും ഒപ്പം എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ച അനിൽ കുമാറിന് താങ്ങായി മാറുകയായിരുന്നു സംസ്ഥാന സർക്കാർ. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 95100 രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിയിൽനിന്നും രണ്ടു ഗഡുക്കളായി 1,52,450 രൂപയും ലഭിച്ചു. സംസ്ഥാന സർക്കാർ നൽകിയ നാലു ലക്ഷം രൂപയും മിച്ചം പിടിച്ചതും സ്വരുകൂട്ടിയതും ബന്ധുക്കളുടെയും സുമനസുകളുടേയും സഹായത്താലാണ് പുതിയ വീടിന്റെ നിർമാണം പൂർത്തീകരിച്ച് അനിലും കുടുംബവും താമസം ആരംഭിച്ചത്. രണ്ട് കിടപ്പു മുറി, ഒരു ഹാൾ, അടുക്കള, ശുചിമുറി, സിറ്റൗട്ട് എന്നിവ അടങ്ങിയ വീടിന് 900 ചതുരശ്ര അടി വിസ്തീർണമുണ്ട്. അനിലും കുടുംബവും ഇന്ന് താമസിക്കുന്നത് കെട്ടുറപ്പുള്ളതും സുരക്ഷിതവുമായ വീട്ടിലാണ്. മക്കളായ അജിത്തും, ദേവുവും പുതിയ വീട്ടിൽ നിന്നും പഠിക്കുവാൻ പോകുന്നതുകണ്ട് സന്തോഷിക്കുകയാണ് അനിലും ഭാര്യ സുജയും.
(പ്രത്യേക പത്രക്കുറിപ്പ് 6/19)

## പ്രളയബാധിത മേഖലകളുടെ അതിജീവനം ശരവേഗത്തിൽ
## പൂർണമായി തകർന്ന 615 വീടുകൾ പുനർനിർമിക്കുന്നു;
## 327 വീടുകൾ പൂർത്തിയായി

സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ പത്തനംതിട്ട ജില്ലയിലെ പ്രളയബാധിത മേഖലകളുടെ അതിജീവന പ്രവർത്തനം ശരവേഗത്തിൽ. പൂർണമായി തകർന്ന 615 വീടുകളിൽ 327 എണ്ണത്തിന്റെ നിർമാണം ജില്ലയിൽ പൂർത്തിയാക്കിയെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് അറിയിച്ചു. സർക്കാരിനൊപ്പം ജനങ്ങളും വ്യക്തികളും സന്നദ്ധ സംഘടനകളും മതസ്ഥാപനങ്ങളും സംരംഭകരും ഗുണഭോക്താക്കളും ഉൾപ്പെടെ സമൂഹത്തിന്റെ എല്ലാതലങ്ങളിലുമുള്ളവർ പുനർനിർമാണത്തിനായി കൈകോർത്തു.

2019 ജനുവരി 31 വരെ ആദ്യ ഘട്ടത്തിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ചതു പ്രകാരം ജില്ലയിൽ പ്രളയത്തിൽ 615 വീടുകളിൽ പൂർണമായി തകർന്നിരുന്നു. സർക്കാർ നേരിട്ടും സ്പോൺസർഷിപ്പിലൂടെയും ഇതിൽ 327 വീടുകളുടെ നിർമാണം പൂർത്തിയാക്കി. ബാക്കി വീടുകൾ നിർമാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരികയാണ്. ഇതിൽ റൂഫ് ലെവൽ വരെ 77 വീടുകളും ലിന്റൽ ലെവൽ വരെ 125 വീടുകളും ബേസ്മെന്റ് വരെ 69 വീടുകളും പൂർത്തീകരിച്ചു. 15 ശതമാനം മുതൽ 75 ശതമാനം വരെ ഭാഗികമായി തകർന്ന 18372 വീടുകളുടെ അപേക്ഷകളാണ് ജനുവരി 31 വരെ ആദ്യ ഘട്ടത്തിൽ ലഭിച്ചത്. ഇതിൽ 18372 പേർക്കും ദുരിതാശ്വാസ സഹായം നൽകി.

ജില്ലയിൽ വീടുകളുടെ പുനർ നിർമാണത്തിനു മാത്രം ഗുണഭോക്താക്കൾക്കു നൽകിയത് 63.25 കോടി രൂപയാണ്. ഇതിൽ വീട് പണി പൂർത്തീകരിച്ചവരുടെ താക്കോൽ ദാനം ഇന്ന്(19) തിരുവല്ലയിൽ നടക്കുന്ന ജനകീയം ഈ അതിജീവനം പൊതുജനസംഗമത്തിൽ നടക്കും. മാർച്ച് 31 വരെ രണ്ടാംഘട്ട അപ്പീൽ സ്വീകരിച്ചതിൽ 2443 അപ്പീലുകളാണ് അംഗീകരിച്ചത്. സബ് കളക്ടർ, തഹൽസിദാർ തലത്തിൽ നടത്തിയ സമഗ്രമായ അന്വേഷണത്തിൽ 38 വീടുകൾ പൂർണമായി തകർന്നതാണെന്ന് കണ്ടെത്തി. ഭാഗികമായി നാശനഷ്ടം സംഭവിച്ച 2405 പേർക്കുള്ള ദുരിതാശ്വാസ സഹായം കൊടുത്തു തുടങ്ങി. ജൂൺ 30 വരെ ഉള്ള മൂന്നാംഘട്ട അപ്പീൽ സ്വീകരിച്ചതിൽ 9071 അപേക്ഷകൾ ലഭിച്ചു. ഇത് യുദ്ധകാല അടിസ്ഥാനത്തിൽ സബ് കളക്ടർ, ആർ.ഡി.ഒ, തഹൽസിൽദാർ തലത്തിൽ നേരിട്ട് പരിശോധന നടത്തി വരുകയാണ്. പ്രളയത്തിൽ വീടുകൾക്കുണ്ടായ നാശനഷ്ടം നികത്തുന്നതിന് പുതുതായി ലഭിച്ച അപ്പീലുകളിൽ ഉടൻ തന്നെ പരിശോധന പൂർത്തിയാക്കി നടപടി കൈക്കൊള്ളും. പ്രളയപുനർനിർമാണത്തിന്റെ ഭാഗമായി ഭരണകൂടവുമായി കൈകോർത്തവരെ പൊതുജനസംഗമത്തിൽ ആദരിക്കും.

**ക്യാമ്പുകളും അടിയന്തിര സഹായവും**

കഴിഞ്ഞ പ്രളയത്തിൽ 543 ക്യാമ്പുകളാണ് പത്തനംതിട്ട ജില്ലയിൽ തുറന്നത്. 35539 കുടുംബങ്ങളിൽ നിന്ന് 133074 പേർ ക്യാമ്പുകളിൽ താമസിച്ചു. പ്രളയത്തിൽ വീടിനുള്ളിൽ വെള്ളം കയറിയതും മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലുമായി നാശനഷ്ടം സംഭവിച്ച 51808 പേർക്ക് 10000 രൂപയുടെ അടിയന്തര സഹായം നൽകി. ഇതിനായി 51.8 കോടി രൂപ ചെലവായി. 58595 പേർക്ക് 22 ഇനം കിറ്റും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 23576 പേർക്ക് 500 രൂപയുടെ കിറ്റും മൂന്ന് മാസം വിതരണം ചെയ്തു. 61390 വീടുകളും 38547 കിണറുകളും വൃത്തിയാക്കി.195898 കിലോ ഗ്രാം അജൈവ മാലിന്യം നിർമാർജനം ചെയ്തു. 72297 പക്ഷി - മൃഗാദികളുടെ ശവശരീരങ്ങൾ മറവു ചെയ്തു.

**കൃഷി**

പ്രളയത്തിൽ 2836.8 ഹെക്ടർ കൃഷിയാണ് നശിച്ചത്. 11133 കർഷകർക്ക് ദുരിതാശ്വാസ സഹായം നൽകി. 478 പേർക്ക് വിള ഇൻഷുറൻസ് നൽകി. ചെളി നീക്കം ചെയ്യാൻ വേണ്ടി 4402 പേർക്ക് സഹായം നൽകി. 3710 പേർക്ക് നെൽവിത്ത് വിതരണം ചെയ്തു. 5035 പേർക്ക് മണ്ണ് സംരക്ഷണ സഹായം നൽകി. ഹോർട്ടിക്കൾച്ചർ പ്രളയ സ്പെഷൽ പാക്കേജ് 10684 പേർക്ക് ലഭ്യമാക്കി. കാർഷിക മേഖലയിൽ പുനരുജീവനത്തിനായി ജില്ലയിൽ 6.55 കോടി രൂപ ചെലവായി.

**മൃഗസംരക്ഷണം**

മൃഗസംരക്ഷണ വകുപ്പിന് ജില്ലയിൽ 22.6 കോടി രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചത്. 4587 കന്നുകാലി കർഷകർക്ക് ദുരിതാശ്വാസ സഹായം ലഭ്യമായി. 253 ആടുകളെ വിതരണം ചെയ്തു. 141.38 മെട്രിക് ടൺ കാലിത്തീറ്റ വിതരണം ചെയ്തു.

**വൈദ്യുതി**

വൈദ്യുതി രംഗത്ത് 47.4 കോടിയുടെ നാശനഷ്ടം സംഭവിച്ചു. 82656 വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിച്ചു. ഇതിനായി 14.46 കോടി രൂപ ചെലവായി. 228 ട്രാൻഫോർമറുകൾ പുന:സ്ഥാപിക്കാൻ 6.27 കോടി രൂപ ചെലവായി. 352 പോസ്റ്റുകൾ പുന:സ്ഥാപിക്കാൻ 1.38 കോടി രൂപ ചിലവായി. 507 കിലോമീറ്റർ നീളത്തിൽ വൈദ്യുതി കമ്പി പുനഃസ്ഥാപിക്കാനായി 18.61 കോടി രൂപ ചെലവായി.

**റോഡ്**

പ്രളയത്തിൽ ജില്ലയിലെ ഭൂരിഭാഗം റോഡുകളും താറുമാറായിരുന്നു. 426 കോടി രൂപയുടെ നാശനഷ്ടമാണ് ഉണ്ടായത്. 880.97 കിലോമീറ്റർ റോഡുകളും മൂന്നു പാലങ്ങളുമാണ് പുനർനിർമിച്ചത്. ഇതിനായി 91.02 കോടി രൂപ ചെലവായി.

**ആരോഗ്യമേഖല**

ആരോഗ്യമേഖലയിൽ 3.07 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായി. 10 ആശുപത്രികൾ പുനരുദ്ധാരണം ചെയ്ത വകയിൽ 0.74 കോടി രൂപ ചെലവായി. ശാരീരിക പരിമിതി നേരിടുന്ന 99 പേർക്ക് വീൽ ചെയർ, കേൾവി സഹായി, കണ്ണടകൾ എന്നിവ വിതരണം ചെയ്തു. പ്രളയവുമായി ബന്ധപ്പെട്ട് മാനസിക അസ്വസ്ഥതകൾ നേരിട്ട 9822 പേർക്ക് കൗൺസിലിംഗ് നൽകി.

**വിദ്യാഭ്യാസ മേഖല**

വിദ്യാഭ്യാസ മേഖലയിൽ പ്രളയത്തിൽ തകർന്ന 59 സ്കൂൾ കെട്ടിടങ്ങളും 159 അങ്കണവാടി കെട്ടിടങ്ങളും നന്നാക്കി. ഇതിനായി 10.63 ലക്ഷം രൂപ ചെലവായി. 3856 കുട്ടികൾക്ക് പഠനസാമഗ്രികൾ വിതരണം ചെയ്തു.

**കുടുംബശ്രീ**

ജില്ലയിലെ പ്രളയബാധിതരായ 10025 കുടുംബശ്രീ അംഗങ്ങൾക്ക് റീസർജന്റ് കേരള വായ്പ പദ്ധതി പ്രകാരം ബാങ്കുകൾ മുഖേന 100.07322656 കോടി രൂപ വിതരണം ചെയ്തു.

പ്രളയക്കെടുതിയെതുടർന്ന് വീടുകൾക്കും വീട്ടുപകരണങ്ങൾക്കും നാശനഷ്ടം സംഭവിച്ചവർക്ക് തിരിച്ചടവ് ഉറപ്പാക്കി ഗാർഹിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഉപജീവനോപാധികൾ നേടുന്നതിനും ആവശ്യകത കണക്കാക്കി കുടുംബനാഥയ്ക്ക്/ കുടുംബശ്രീ അംഗത്തിന് 1,00,000 രൂപ വരെ പലിശരഹിത വായ്പ ലഭ്യമാക്കി.

സർക്കാർ പ്രഖ്യാപിച്ച ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനസഹായമായ 10000 രൂപയ്ക്ക് അർഹരായ പ്രകൃതിക്ഷോഭ ബാധിത പ്രദേശങ്ങളിലെ കുടുംബശ്രീ അംഗങ്ങളെയാണ് വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തിയത്.

**തൊഴിലുറപ്പു പദ്ധതി**

ജില്ലയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പു പദ്ധതി പ്രവർത്തകർ പങ്കാളികളായി. പ്രളയദുരിതത്തിലാഴ്ന്ന 51838 കുടുംബങ്ങൾക്ക് 2018-19 വർഷത്തിൽ തൊഴിൽ നൽകി. 68640 കുടുംബങ്ങൾക്കാണ് പദ്ധതിയിൽ തൊഴിൽകാർഡ് നൽകിയിട്ടുള്ളത്. 2017-18 ൽ 27.07 ലക്ഷം തൊഴിൽ ദിനങ്ങൾ നൽകിയപ്പോൾ പ്രളയവർഷത്തിൽ അത് 39.71 ലക്ഷം

ആയി ഉയർന്നു. ഇതുവഴി 108.7 കോടിരൂപ അവിദഗ്ദ്ധ വേതനമായി ജില്ലയിലെ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളി കുടുംബങ്ങൾക്ക് ലഭിച്ചു.

**ക്ഷീരവകുപ്പ്**

പ്രളയാനന്തര പ്രത്യേക പുനരധിവാസ പദ്ധതി പ്രകാരം ക്ഷീരവികസനവകുപ്പ് വഴി 2.429 കോടി രൂപ ജില്ലയിലെ ക്ഷീര കർഷകർക്കായി വിനിയോഗിച്ചു. പ്രളയത്തെ അതിജീവിച്ച ജില്ലയിൽ 2018-19 സാമ്പത്തികവർഷം പ്രാഥമിക ക്ഷീരസഹകരണ സംഘങ്ങൾ വഴിയുള്ള പാൽ സംഭരണം 165.18 ലക്ഷം ലിറ്ററായി നിലനിർത്താൻ സാധിച്ചു. ഒരു പശുവിനെ വാങ്ങുന്നതിനായി 145 കർഷകർക്ക് ധനസഹായമായി 47,85,000 രൂപ അനുവദിച്ചു. രണ്ടു പശുക്കളെ വാങ്ങുന്നതിനായി 97 കർഷകർക്ക് 64,02,000 രൂപയും തൊഴുത്ത് നിർമിക്കുന്നതിനായി 65 കർഷകർക്ക് 32,50,000 രൂപയും നൽകി. 70,000 രൂപയ്ക്കുള്ള ധാതുലവണ മിശ്രിതം ജില്ലയിൽ വിതരണം ചെയ്തു. അവശ്യാധിഷ്ഠിത ധനസഹായമായി (തൊഴുത്ത് നവീകരണം, അനുബന്ധ ഉപകരണങ്ങൾ) 84,50,000 രൂപ 407 കർഷകർക്ക് അനുവദിച്ചു. കാലാവസ്ഥ വ്യതിയാനങ്ങളെ അതിജീവിക്കുന്ന ആധുനിക കാലിത്തൊഴുത്ത് നിർമിച്ച 11 കർഷകർക്ക് 11 ലക്ഷം രൂപയും അനുവദിച്ചു.

**പ്രത്യുത്ഥാനം പദ്ധതി**

കഴിഞ്ഞ വർഷം ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിലോ, ഉരുൾപൊട്ടലിലോ വീട് പൂർണമായോ, ഭാഗികമായോ (15 ശതമാനം മുതൽ 100 ശതമാനം വരെ) നാശനഷ്ടം സംഭവിച്ച കുടുംബങ്ങളിലെ ഗുണഭോക്താക്കൾക്ക് പ്രത്യുത്ഥാനം പദ്ധതിയിലൂടെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി 25,000 രൂപ അധിക ധനസഹായം നൽകും. മുൻഗണനാക്രമം അനുസരിച്ചായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക.

കാൻസർ രോഗികൾ ഉള്ള പ്രളയം ബാധിച്ച കുടുംബങ്ങൾ. ഡയാലിസിസ് രോഗികൾ ഉള്ള പ്രളയം ബാധിച്ച കുടുംബങ്ങൾ. കിടപ്പു രോഗികളും മാനസികശേഷി പരിമിതരുമായ ഭിന്നശേഷിക്കാർ ഉള്ള പ്രളയബാധിത കുടുംബങ്ങൾ. വിധവകൾ കുടുംബനാഥകൾ ആയിട്ടുള്ളതും, എല്ലാ കുട്ടികളും 18 വയസിനു താഴെയും ആയിരിക്കുന്ന പ്രളയബാധിത കുടുംബങ്ങൾ(ആദ്യവിഭാഗത്തിനു കീഴിൽ വരുന്ന അപേക്ഷകരെ പരിഗണിച്ചതിനു ശേഷം മാത്രമായിരിക്കും താഴെയുള്ള വിഭാഗത്തിൽ പെട്ടവരെ പരിഗണിക്കുക).

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജില്ലാ അടിസ്ഥാനത്തിൽ തയാറാക്കിയ നാശനഷ്ടം സംഭവിച്ച വീടുകളുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കണം. വീടുകളുടെ നാശനഷ്ടങ്ങളുടെ അംഗീകരിച്ച തോത് 15 ശതമാനം മുതൽ 100 ശതമാനം വരെ. ഒരു കുടുംബത്തിൽ നിന്ന് ഒരു അപേക്ഷ മാത്രമേ അനുവദിക്കു. 25,000 രൂപയാണ് പദ്ധതിയിലൂടെ അപേക്ഷകന് ലഭിക്കുക. നിർദിഷ്ട മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച് പ്രദേശത്തെ അംഗൻവാടി വർക്കറെ ഏൽപ്പിക്കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ 31.

**പട്ടികജാതി വികസന വകുപ്പ്**

ജില്ലയിൽ പ്രളയത്തിനിരയായി വീട് നഷ്ടപ്പെട്ട പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന 31 പേർക്ക് പട്ടികജാതി വികസന വകുപ്പ് പുതിയ വീട് അനുവദിച്ചു. ഇതിൽ രണ്ടു വീടുകളുടെ നിർമാണം പൂർത്തിയായി. ബാക്കിയുള്ളവയുടെ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വ രുകയാണ്. കഴിഞ്ഞ വർഷം ഓഗസ്റ്റ് മാസം ഉണ്ടായ പ്രളയത്തിൽ വീടുകൾ തകർന്ന ജില്ലയിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവനനിർമാണ ധനസഹായമായി ആറ് ബ്ലോക്കുകളിലായി 31 വീടുകളാണ് അനുവദിച്ചത്. ഇതിൽ പുളിക്കീഴ് ബ്ലോക്കിലെ സി.സി. മധു, ലീലാ രാജൻ എന്നിവരുടെ വീട് നിർമാണം പൂർത്തീകരിച്ചു.

ഒരു വീടിന്റെ നിർമാണത്തിന് നാല് ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. ജില്ലയിൽ പ്രളയദുരിതം ബാധിച്ച 5624 പേർക്ക് പട്ടികജാതി വികസന വകുപ്പ് മുഖേന 5000 രൂപാ വീതം ധനസഹായം നൽകി. പ്രളയബാധിതമായ തിരുവല്ല നഗരസഭ പ്രദേശത്തെ അടുമ്പട കോളനി, ഇലന്തൂർ ബ്ലോക്കിലെ പന്നിവേലിച്ചിറ കോളനി, പന്തളം ബ്ലോക്കിലെ മുട്ടം സെറ്റിൽമെന്റ് കോളനി, പേരങ്ങാട്ട് മെയ്ക്കുന്ന് കോളനി എന്നിവയെ നവീകരണത്തിനായി തെരഞ്ഞെടുത്തു. പ്രളയത്തെ അതിജീവിക്കാൻ കഴിയും വിധമാണ് നിർമാണപ്രവർത്തനങ്ങൾ.

**സഹകരണ വകുപ്പ് കെയർ ഹോം പദ്ധതി**

പ്രളയദുരന്തത്തിൽ വീട് പൂർണമായി നഷ്ടപ്പെട്ടവർക്ക് വീടുവച്ച് നൽകുന്നതിന് സഹകരണ വകുപ്പ് ആവിഷ്കരിച്ച കെയർ ഹോം പദ്ധതിയിലൂടെ പത്തനംതിട്ട ജില്ലയിൽ ഇതുവരെ നിർമിച്ചു നൽകിയത് 114 വീടുകൾ. റാന്നി താലൂക്കിൽ 34 വീടുകളും, കോഴഞ്ചേരിയിൽ 15 ഉം, അടൂരിൽ 24, തിരുവല്ലയിൽ 41 വീടുകളുമാണ് നിർമിച്ചത്. പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിയുന്ന രീതിയിലാണ് വീടുകളുടെ രൂപകൽപന. വീടിന്റെ ഉറപ്പ്, പരിസ്ഥിതിയുയർത്തുന്ന വെല്ലുവിളികളെ നേരിടാനുള്ള അനുയോജ്യത തുടങ്ങിയവ ഉറപ്പാക്കിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ, കിണർ, കുടിവെള്ളം, വൈദ്യുതി, മാലിന്യ നിർമാർജ്ജന സൗകര്യങ്ങൾ, വൃത്തിയുള്ള പരിസരം, ഒരു കൊച്ചു പൂന്തോട്ടമോ അടുക്കളത്തോട്ടമോ തുടങ്ങിയവയും വീടിനോപ്പം വീട്ടുകാർക്കായി ഒരുക്കിയിട്ടുണ്ട്.

സഹകരണവകുപ്പിന്റെ കീഴിൽ ജില്ലയിൽ 64 സ്പോൺസർമാരെ കണ്ടെത്തിയാണ് സഹകരണ സ്ഥാപനങ്ങൾ മുഖേന വീടുകൾ നിർമിച്ചു നൽകിയത്. ഭവനനിർമാണത്തിന് വീടൊന്നിന് അഞ്ച് ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ അനുവദിച്ചത്. ഇത്തരത്തിൽ 4,36,63,900 രൂപ ചെലവഴിച്ചു.

**ഉജ്ജീവന വായ്പ നൽകി**

ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ബാങ്കുകൾ മുഖേന 184 അപേക്ഷ കർക്ക് 11,83,40,440 രൂപ ഉജ്ജീവന വായ്പ നൽകി. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ ആഭി മുഖ്യത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തി. പ്രളയം ബാധിച്ച യൂണിറ്റുകളുടെ യോഗം ചേർന്ന് നാശനഷ്ടങ്ങൾ വിലയിരുത്തി. വെള്ളപ്പൊക്കത്തിൽ നാശനഷ്ടം സംഭവിച്ച വ്യവസായ യൂണിറ്റുകളുടെ വിവരങ്ങൾ മൊബൈൽ ആപ്ലിക്കേഷൻ മുഖേന ശേഖരിച്ചു. ഇതു പ്രകാരം നടത്തിയ സർവെയിൽ 448 എംഎസ്എംഇ യൂണിറ്റുകളും 1791 സ്ഥാപനങ്ങളും ഉൾപ്പെടുന്നു. പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ചെറുകിട ഇടത്തരം വ്യാപാര സ്ഥാപന ങ്ങൾക്ക് അവരുടെ ഉപജീവന മാർഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭി ക്കുന്നതിന് ഉജ്ജീവന വായ്പാ പദ്ധതി സഹായകമായി.

(പ്രത്യേക പത്രക്കുറിപ്പ് 7/19)

## ഫോട്ടോ അടിക്കുറിപ്പ്

1) സാക്ഷരതാ മിഷന്റെ തുല്യതാ പഠിതാക്കൾക്കുള്ള രചനാമത്സരം ജില്ലാ പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി ഉദ്ഘാടനം ചെയ്യുന്നു.

2) റീബിൽഡ് കേരള പദ്ധതി പ്രകാരം നിർമിച്ച വീടിനു മുൻപിൽ അനിലും മകൻ അജിത്തും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജൂലൈ 19 / July 19 | 2019 |
| --- | --- |

*1193 കർക്കടകം 3 വെള്ളി*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

### തിരുവോണം ബമ്പർ ജില്ലാതല വിതരണോദ്ഘാടനം 22ന്

തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ ജില്ലാതല വിതരണോദ്ഘാടനം 22ന് വൈകിട്ട് നാലിന് കളക്ടറുടെ ചേംബറിൽ ജില്ലാ കളക്ടർ പി.ബി.നൂഹ് നിർവഹിക്കും. ഒന്നാം സമ്മാനമായി 12 കോടി രൂപയും രണ്ടാം സമ്മാനമായി 50 ലക്ഷം രൂപ 10 പേർക്കും മൂന്നാം സമ്മാനമായി 10 ലക്ഷം രൂപ 20 പേർക്കും മറ്റ് നിരവധി ആകർഷകമായ സമ്മാനങ്ങളും നൽകുന്ന തിരുവോണം ബമ്പർ ഭാഗ്യക്കുറിയുടെ വില 300 രൂപയാണ്. നറുക്കെടുപ്പ് സെപ്തംബർ 19ന്. (പിഎൻപി 1818/19)

### പരീക്ഷാ സെന്ററുകളിൽ മാറ്റം

കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിൽ അസിസ്റ്റന്റ് ഗ്രേഡ് രണ്ട് (ഡയറക്ട് ആൻഡ് ബൈട്രാൻസ്ഫർ) (കാറ്റഗറി നമ്പർ 579/17, 580/17) തസ്തികയ്ക്ക് വേണ്ടി ഇന്ന് (20) ഉച്ചയ്ക്ക് 1.30 മുതൽ 3.15 വരെ നടക്കുന്ന ഒഎംആർ പരീക്ഷയ്ക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ അനുവദിച്ചിരുന്ന നാല് പരീക്ഷാ സെന്ററുകളിൽ മാറ്റം വരുത്തിയിട്ടുണ്ട്. ആദ്യ മൂന്ന് സെന്ററുകളിലെ (1043-1045) ഉദ്യോഗാർഥികൾ (രജിസ്റ്റർ നമ്പർ 111301 മുതൽ 112200 വരെ) തിരുവനന്തപുരം കണ്ണമ്മൂല, മെഡിക്കൽ കോളജ് പി.ഒ, ജോൺ കോക്സ് സിഎസ്ഐ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എൻജിനീയറിംഗ് കോളജിൽ ഹാജരായി പരീക്ഷ എഴുതണം. നാലാം സെന്ററിലെ (1046) ഉദ്യോഗാർഥികൾ (രജിസ്റ്റർ

നമ്പർ 112201 മുതൽ 112500 വരെ) ഗവൺമെന്റ് ബോയ്സ് എച്ച്എസ്എസ് പേട്ട എന്ന സെന്ററിൽ ഹാജരായി പരീക്ഷ എഴുതണമെന്ന് ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു.

(പിഎൻപി 1819/19)

## ഒറ്റത്തവണ പ്രമാണ പരിശോധന

വിവിധ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലെ ലാസ്റ്റ് ഗ്രേഡ് സർവെന്റ്സ് (കാറ്റഗറി നമ്പർ 113/17) തസ്തികയിലേക്ക് ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ജില്ലയിലെ വനിത, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഒറ്റത്തവണ പ്രമാണ പരിശോധന ഈ മാസം 22നും 23നും രാവിലെ 10 ജില്ലാ പി.എസ്.സി ഓഫീസിൽ നടത്തും. ഉദ്യോഗാർഥികൾ തിരിച്ചറിയൽ രേഖ, പ്രായം, വിദ്യാഭ്യാസ യോഗ്യത, ജാതി എന്നിവ തെളിയിക്കുതിനാവശ്യമായ സർട്ടിഫിക്കറ്റ് പ്രൊഫൈലിൽ അപ്‌ലോഡ് ചെയ്തതിന് ശേഷം അസൽ രേഖകൾ സഹിതം യഥാസമയം ഹാജരാകണം. ഫോൺ: 0468 2222665. (പിഎൻപി 1820/19)

## മെഡിക്കൽ ഓഫീസർ ഒഴിവ്

ചന്ദനപ്പള്ളി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ മെഡിക്കൽ ഓഫീസർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിന് അപേക്ഷിക്കാം. ഈ മാസം 31ന് ഉച്ചയ്ക്ക് ശേഷം രണ്ട് വരെ പി.എച്ച്.സി ഓഫീസിൽ അപേക്ഷ സ്വീകരിക്കും. ഫോൺ: 0468 2355597.

(പിഎൻപി 1821/19)

## മഴ കനക്കുന്നു; ജില്ലയിൽ ജാഗ്രത നിർദേശം

ജില്ലയിൽ മഴ ശക്തി പ്രാപിച്ചതിനെ തുടർന്ന് ജില്ലാ ഭരണാകുടം പൊതുജനങ്ങൾക്കും വിവിധ വകുപ്പുകൾക്കും ജാഗ്രത നിർദേശം നൽകി. ജില്ലയിൽ ജൂലൈ 22 വരെ മഞ്ഞ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. മഴ കനത്തതോടെ ഡാമുകളിലെ ജല നിരപ്പ് ഉയരാൻ തുടങ്ങി. പമ്പ, കക്കി, ശബരിഗിരി എന്നീ പ്രധാന ഡാമുകളിലെ നിലവിലെ സംഭരണം പരമാവധി സംഭരണ ശേഷിയുടെ 24 ശതമാനം മാത്രമേ ഉള്ളൂ. എന്നാൽ, ചെറിയ സംഭരണ ശേഷിയുള്ള ചെറുകിട ഡാമുകളിൽ ജലനിരപ്പ് ഉയരുന്നുണ്ട്.

റാന്നി താലൂക്കിലെ നാറാണംമുഴി, വെച്ചൂച്ചിറ പഞ്ചായത്തുകളിലായി സ്ഥിതി ചെയ്യുന്ന പെരുന്തേനരുവി ചെറുകിട ജലവൈദ്യുതി പദ്ധതിയുടെ തടയണയിൽ വെള്ളം കവിഞ്ഞ് ഒഴുകുന്നതിനാൽ കുറുമ്പൻ മൂഴി കോളനിയിലേക്ക് പോകുന്ന കോസ്‌വേ വെള്ളം കയറുന്നത് പതിവുള്ളതാണ്. ജലനിരപ്പ് ഉയരാൻ ഉള്ള സാധ്യത കണക്കിലെടുത്ത് കോളനി നിവാസികൾക്ക് ജാഗ്രത നിർദേശവും പഞ്ചായത്ത് അധികൃതർക്കും ഫയർ ഫോഴ്സിനും ആവശ്യമെങ്കിൽ കോളനിവാസികളെ ക്യാമ്പിലേക്ക് മാറ്റാനുള്ള നിർദേശവും നൽകി.
റാന്നി തഹസിൽദാർക്കും പട്ടികവർഗ വികസന ഓഫീസർക്കും സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പാക്കാൻ നിർദേശം നൽകി.

കാരിക്കയം പവർ ഹൗസിൽ വൈദ്യുതി ഉത്പാദനം ഉയർത്തിയതിനാൽ മണിയാർ ഡാമിലെ ജലനിരപ്പ് വർധിച്ച സാഹചര്യത്തിൽ ഡാം ഷട്ടർ 10 സെ.മീ ഉയർത്തി. സെക്കൻഡിൽ 6.6 എംക്യൂബ് ജലമാണ് പുറത്തേക്ക് ഒഴുകുന്നത്. ഇതുമൂലം കക്കാട് ആറിൽ വെള്ളം ഉയരാൻ സാധ്യതയുള്ളതിനാൽ നദിയുടെ ഇരുകരയിലും താമസിക്കുന്നവർ ജാഗ്രത പുലർത്തണം. പമ്പാനദിയിലും ഇതു മൂലം പരമാവധി 10 സെമി വരെ ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ട് .

പമ്പാ നദിയിലെ ജലനിരപ്പ് ക്രമാതീതമായി ഉയരുന്നതിനാൽ ഭക്തർ പമ്പയിലേക്ക് ഇറങ്ങുന്നത് ബാരിക്കേഡുകൾ കെട്ടി നിയന്ത്രിക്കാൻ ഫയർഫോഴ്സ്, പോലീസ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. ദേവസ്വം വകുപ്പിനും സുരക്ഷ ഉറപ്പാക്കാൻ നിർദേശം നൽകി.

ഉരുൾപൊട്ടൽ സാധ്യത ഉള്ളതിനാൽ രാത്രി സമയത്ത് മലയോരമേഖലയിലേക്കുള്ള യാത്ര ഒഴിവാക്കുക. റോഡുകൾക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുൾപൊട്ടലും ഉണ്ടാകാൻ സാധ്യതയുണ്ട് എന്നതിനാൽ ഇത്തരം ചാലുകളുടെ അരികിൽ വാഹനങ്ങൾ നിർത്തരുത്. പുഴകളിലും തോടുകളിലും ജലനിരപ്പ് ഉയരാൻ സാധ്യതയുള്ളതിനാൽ തോടുകളും പുഴയും മുറിച്ചു കടക്കരുത്. പുഴകളിലും, ചാലുകളിലും, വെള്ളക്കെട്ടിലും മഴയത്ത് ഇറങ്ങരുത്. പ്രത്യേകിച്ച് കുട്ടികൾ ഇറങ്ങുന്നില്ല എന്ന് മുതിർന്നവർ ഉറപ്പുവരുത്തണം. നദിയിൽ കുളിക്കുന്നതും, തുണി നനയ്ക്കുന്നതും, കളിക്കുന്നതും ഒഴിവാക്കുക. ടിവിയിലും റേഡിയോയിലും വരുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക.

ജില്ലയിലെ എല്ലാ താലൂക്കാഫീസുകളിലും 24 മണിക്കൂറും കൺട്രോൾ റൂമുകൾ പ്രവർത്തിക്കും. പൊതുജനങ്ങൾക്ക് താഴെപ്പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാം. കളക്ടറേറ്റ് - 0468 2322515/ 0468 2222515/ 8078808915, താലൂക്കാഫീസ് തിരുവല്ല- 0469 2601303, കോഴഞ്ചേരി -04682222221, മല്ലപ്പള്ളി- 0469 2682293, അടൂർ -04734 224826, റാന്നി- 04735 227442, കോന്നി -0468 2240087.

(പിഎൻപി 1822/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**